2024 ജൂൺ

# അമൃത്
## വാർത്താ പത്രിക

ലക്കം 5

*Atal Mission for Rejuvenation and Urban Transformation*

Azadi Ka Amrit Mahotsav





കേരള അർബൻ പോളിസി കമ്മീഷൻ യോഗം



കേരള അർബൻ കമ്മീഷൻ അംഗങ്ങൾ കമ്മീഷൻ മെമ്പർ സെക്രട്ടറിയും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുമായ ഡോ. ഷർമിള മേരി ജോസഫ് ഐ.എ.എസ്സിനൊപ്പം

# അമൃത് വാർത്താ പത്രിക

ജൂൺ 2024 | പുസ്തകം 3 | ലക്കം 5




## എഡിറ്റോറിയൽ

ജല ഉപഭോഗത്തിൽ ഒരു നവസംസ്കാരം നാം രൂപപ്പെടുത്തിയെടുക്കേണ്ടതുണ്ട്. ജീവന്റെ അമൃത് ആയ ജലം ഒരു അമൂല്യ വസ്തുവാണെന്ന ബോധം ജനങ്ങളിലേക്കെത്തിക്കാൻ നമുക്ക് നാളിതുവരെ സാധിച്ചിട്ടില്ല. ജല സുലഭമായിരുന്ന ഒരവസ്ഥയിൽ നിന്ന് ജലദുർലഭമായ അവസ്ഥയിലേയ്ക്കുള്ള നമ്മുടെ പ്രയാണം വളരെ വേഗത്തിലാണ്. ദ്രുതഗതിയിലുള്ള നഗരവത്ക്കരണവും കാലാവസ്ഥാ, പാരിസ്ഥിതിക വ്യതിയാനങ്ങളും ജലത്തെ ഒരു ദുർലഭ വസ്തുവാക്കി മാറ്റുവാൻ അധികം താമസമില്ല. ഇത് മുന്നിൽ കണ്ടു കൊണ്ടുള്ള പദ്ധതികളുടെ ആസൂത്രണവും നടപ്പിലാക്കലുമാണ് അമൃത് 2.0 ലക്ഷ്യമിടുന്നത്. നമ്മുടെ നഗരങ്ങളെ ജലഭദ്രതയുള്ള നഗരങ്ങളാക്കി മാറ്റുക എന്നതിന്റെ ആദ്യ പടിയായാണ് ജലത്തിന്റെ ചാക്രിക ചംക്രമണം ഉറപ്പാക്കി കൊണ്ടുള്ള മിതവ്യയം നടപ്പിലാക്കുന്നതിലുടെ ലക്ഷ്യമിടുന്നത്. അതായത് ജലത്തിന്റെ പുനരുപയോഗവും പുന:ചംക്രമണവും ഉറപ്പുവരുത്തുക.

ജലസ്രോതസ്സുകളുടെ സംരക്ഷണവും പരിപാലനവും 'ജലഭദ്രത' എന്ന ലക്ഷ്യത്തിലേയ്ക്കുള്ള പ്രയാണത്തിൽ വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. നിരവധിയായ കുളങ്ങളാൽ സമ്പന്നമാണ് കേരളം. ഓരോ ഭൂപ്രദേശത്തിന്റെയും ജീവതാളമായിരുന്ന ഈ കുളങ്ങൾ പലതും മാലിന്യം കൊണ്ടും വേണ്ടത്ര കരുതൽ ഇല്ലാത്തതിനാലും വളരെയധികം ശോച്യമായ അവസ്ഥയിലാണ് ഇന്നുള്ളത്. അമൃത് 2.0 പദ്ധതിയുടെ ഭാഗമായി കേരളത്തിലെ വിവിധ നഗര പ്രദേശങ്ങളിൽ നിന്നായി 255 കുളങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. ഇതിന്റെ ഭാഗമായുള്ള പദ്ധതി നിർദ്ദേശത്തിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. 10 കുളങ്ങൾ ഇതിനകം തന്നെ നവീകരിച്ചുകഴിഞ്ഞിട്ടുണ്ട്. നവീകരണം പൂർത്തിയാക്കിയ ഈ ജല സ്രോതസ്സുകൾ വീണ്ടും മലിനമാകാതെ നമുക്ക് സംരക്ഷിക്കേണ്ടതുണ്ട്.

അമൃത് ഒന്നാം ഘട്ടത്തിൽ ഒൻപത് അമൃത് നഗരങ്ങളിൽ ദ്രവ മാലിന്യ സംസ്കരണം ലക്ഷ്യമിട്ടുകൊണ്ട് സിവേജ് & സെപ്റ്റേജ് മേഖലയിൽ വിഭാവനം ചെയ്ത 152 പദ്ധതികളിൽ 106 പദ്ധതികൾ മാത്രമാണ് നാളിതുവരെ പൂർത്തീകരിക്കാൻ സാധിച്ചത്. മിക്ക പദ്ധതികളും വൈകുന്നതിനോ ഉപേക്ഷിക്കുന്നതിനോ കാരണമായത് പൊതുജനങ്ങളിൽ നിന്ന് ഉണ്ടായ എതിർപ്പാണ്. മാലിന്യ സംസ്കരണം എന്നത് സാമൂഹിക ജീവിതത്തിന്റെ അനിവാര്യതകളിൽ ഒന്നായി സമൂഹത്തെ ബോധവത്ക്കരിക്കേണ്ടതായിട്ടുണ്ട്. എല്ലാ നഗരങ്ങളിലെയും ജല ഭദ്രത ലക്ഷ്യമിടുമ്പോൾ ജലത്തിന്റെ പുനരുപയോഗം അവശ്യഘടകമാണ്. ഇത് മുന്നിൽ കണ്ടുകൊണ്ടുള്ള നയരൂപീകരണവും ബോധവത്ക്കരണ പരിപാടികളും സംഘടിപ്പിക്കേണ്ടതുണ്ട്.

മിഷൻ ഡയറക്ടർ


**തദ്ദേശസ്വയംഭരണ വകുപ്പ്**
**കേരള സർക്കാർ**

**ചീഫ് എഡിറ്റർ**
**എം.ജി. രാജമാണിക്യം ഐ.എ.എസ്.**
മിഷൻ ഡയറക്ടർ

**എഡിറ്റർ**
**ലുഖ്മാൻ എം.**
ഡെപ്യൂട്ടി മിഷൻ ഡയറക്ടർ

**അസിസ്റ്റന്റ് എഡിറ്റർ**
സാവിയോ സജി ഇ.ആർ.

अमृत
Atal Mission for Rejuvenation and Urban Transformation



**സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റ് (അമൃത്)**
നാലാം നില, മീനാക്ഷിപ്ലാസാ,
ആർടെക് ബിൽഡിംഗ്,
ഗവ. ആശുപത്രിക്ക് എതിർവശം,
തൈയ്ക്കാട്, തിരുവനന്തപുരം - 695014
ഫോൺ നം. : +91-471-2323856,
ഫാക്സ് : +91-471-2322857
വെബ്സൈറ്റ് : www.amrutkerala.org
ഇമെയിൽ : smmukerala@gmail.com



*(സ്വകാര്യ വിതരണത്തിന് മാത്രം)*



ആലപ്പുഴ ജില്ലാ കളക്ടറായി ചുമതലയേറ്റ അമൃത് മിഷൻ ഡയറക്ടറായിരുന്ന ശ്രീ. അലക്സ് വർഗ്ഗീസ് ഐ.എ.എസ്സിന് അഭിനന്ദനങ്ങൾ



കെ.എസ്.ഡബ്ളിയു.എം.പി. പ്രോജക്ട് ഡയറക്ടർ ഡോ. ദിവ്യ എസ്. അയ്യർ കേരള അർബൻ കമ്മീഷൻ യോഗത്തിൽ സംസാരിക്കുന്നു

അമൃത് വാർത്താ പത്രിക

ജൂൺ 2024

# ഉള്ളടക്കം




5 അർബൻ പോളിസി കമ്മീഷൻ

9 Stakeholder Consultations Workshop on Urban Aquifer Management and Water Governance of Kerala

11 ജലാശയങ്ങൾ ആൽഗെ മുക്തമാക്കുന്നതിന് സഹായകമാകുന്ന ജല സസ്യങ്ങളും മത്സ്യങ്ങളും

15 Reuse of Treated Wastewater

21 Drinking Water Quality Assessment, Surveillance, Sampling Protocols and its Management




അമൃത് 2.0 പദ്ധതിയിലുൾപ്പെടുത്തി നവീകരിച്ച തൃക്കാക്കര മുനിസിപ്പാലിറ്റിയിലെ 28-ാം വാർഡിൽ സ്ഥിതിചെയ്യുന്ന വലിയകുളം

## അമൃത് മിഷൻ ഡയറക്ടറായി ശ്രീ. എം.ജി. രാജമാണിക്യം ഐ.എ.എസ്. ചുമതലയേറ്റു



അമൃത് മിഷൻ ഡയറക്ടറായി ശ്രീ. എം.ജി. രാജമാണിക്യം ഐ.എ.എസ് ചുമതലയേറ്റു. 2008 ഐ.എ.എസ് ബാച്ച് കേരള കേഡറിലെ ഉദ്യോഗസ്ഥനാണ്. സെക്രട്ടറി,റവന്യൂ (ദേവസ്വം), മിഷൻ ഡയറക്ടർ, അമൃത് എന്നീ തസ്തികകളിലായാണ് നിയമനം;



കേരള അർബൻ പോളിസി കമ്മീഷൻ യോഗം



# കേരള അർബൻ പോളിസി കമ്മീഷൻ - ആദ്യ യോഗം

നവ കേരള നഗര നയത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാർ രൂപീകരിച്ച കേരള അർബൻ പോളിസി കമ്മീഷന്റെ ആദ്യയോഗം 2024 മാർച്ച് 4 മുതൽ 7 വരെ തിരുവനന്തപുരത്ത് വച്ച് നടന്നു. നഗര നയ രൂപീകരണത്തിൽ കേരളം ഈ രംഗത്ത് നേരിടുന്ന വിവിധങ്ങളായ പ്രശ്നങ്ങളെയും അവയുടെ പരിഹാരങ്ങളെയും സംബന്ധിച്ച് സമഗ്രമായ ചർച്ചകളും പ്രഭാഷണങ്ങളും യോഗത്തിന്റെ ഭാഗമായി സംഘടിപ്പിച്ചിരുന്നു.

നയരൂപീകരണത്തിന്റെ ഭാഗമായി കമ്മീഷൻ അംഗങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. എം.ബി. രാജേഷ്, ചീഫ് സെക്രട്ടറി ഡോ. വി. വേണു, കേരള സംസ്ഥാന ആസൂത്രണ ബോർഡ് അംഗങ്ങൾ തുടങ്ങിയവരുമായി ചർച്ച നടത്തി. പുതിയ നഗര നയത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികേന്ദ്രീകൃത സ്വഭാവം ശക്തിപ്പെടുത്തുന്ന രീതിയിലുള്ള നിർദ്ദേശങ്ങൾ ഉണ്ടാകണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി അഭിപ്രായപ്പെട്ടു. തദ്ദേശ സ്ഥാപനങ്ങൾക്ക് വിഭവശേഷി വിനിയോഗിച്ച് സ്വയം വരുമാനം കണ്ടെത്താനുള്ള പുതിയ നിർദ്ദേശങ്ങളും ഉണ്ടാകണം. കേരളത്തിൽ ഗ്രാമീണമേഖല നഗരമായി വ്യാപിച്ച് വളരുകയാണ്. ആസൂത്രണം ചെയ്ത് രൂപപ്പെടുത്തിയ നഗരമേഖലകൾ കേരളത്തിലില്ല. അതുപോലെ തന്നെ കുടിയേറ്റത്തിന്റെ ഭാഗമായി പ്രത്യേകം നഗരങ്ങൾ ഉണ്ടാക്കുകയെന്ന രീതി കേരളത്തിൽ പ്രായോഗികമല്ലാത്തതിനാൽ നഗരനയം രൂപീകരിക്കുമ്പോൾ ഈ വസ്തുതകൾ കൂടി കണക്കിലെടുക്കേണ്ടതുണ്ട്. ത്വരിതഗതിയിൽ നഗരവത്ക്കരണം നടക്കുമ്പോൾ കേരളത്തിന്റെ സാമൂഹിക സുരക്ഷാ സംവിധാനങ്ങളെ നിലനിർത്തുന്നതിനും മുന്നോട്ടു കൊണ്ടുപോകുന്നതിനുമുള്ള വഴികൾ നിർദ്ദേശിക്കുന്നതിനും കമ്മീഷന് കഴിയണം. എല്ലാ മേഖലകളെയും ഉൾക്കൊള്ളുന്ന സമഗ്രമായ നയമാണ് രൂപീകരിക്കേണ്ടതെന്ന് മന്ത്രി നിർദ്ദേശിച്ചു.



ചീഫ് സെക്രട്ടറി ഡോ. വി. വേണു ഐ.എ.എസ്. കേരള അർബൻ പോളിസി കമ്മീഷൻ അംഗങ്ങളോട് സംസാരിക്കുന്നു



കേരള അർബൻ പോളിസി കമ്മീഷൻ അംഗങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയെ സന്ദർശിച്ചപ്പോൾ



അർബൻ പോളിസി കമ്മീഷൻ മെമ്പർ സെക്രട്ടറിയും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുമായ ഡോ. ഷർമിള മേരി ജോസഫ് ഐ.എ.എസ്. കമ്മീഷനംഗങ്ങളെ യോഗത്തിലേയ്ക്ക് ഔപചാരികമായി സ്വാഗതം ചെയ്തു. സുസ്ഥിര നഗര വികസനത്തിലധിഷ്ഠിതമായി അടിസ്ഥാന ഭൗതീക വികസന സൗകര്യങ്ങൾ ആസൂത്രണം ചെയ്തുകൊണ്ട് നഗരവത്ക്കരണത്തിന്റെ ഫലങ്ങൾ സാമൂഹികമായ സമത്വത്തിലേയ്ക്ക് നയിക്കുന്ന രീതിയിലുള്ള നഗര നയരൂപീകരണത്തിനാണ് പ്രാധാന്യം നൽകേണ്ടതെന്ന് പ്രിൻസിപ്പൽ സെക്രട്ടറി അഭിപ്രായപ്പെട്ടു.

അർബൻ പോളിസി കമ്മീഷൻ ചെയർമാൻ ഡോ. എം. സതീഷ്കുമാർ ആമുഖ പ്രസംഗം നടത്തി. തനത് വികസന മാതൃക എന്ന നിലയിൽ കേരള വികസന മാതൃക ലോകത്തിന് തന്നെ പഠന വിധേയമാക്കാവുന്ന ഒന്നാണ്. സമൂഹത്തിന്റെ കാഴ്ചപ്പാടും വാസ സ്ഥലങ്ങളുടെ ഘടനയും നയരൂപീകരണത്തിൽ നിർണായക സ്വാധീനം ചെലുത്തും. ആയതിനാൽ വസ്തുതകളെ അടിസ്ഥാനമാക്കിയുള്ള നയ രൂപീകരണത്തിനാണ് പ്രാധാന്യം നൽകുക. ഭാവി വികസനത്തിന് കാലാവസ്ഥാ വ്യതിയാനവും ഡി കാർബണൈസേഷനും ഉളവാക്കുന്ന ഫലങ്ങൾ വിലയിരുത്തേണ്ടത് ആവശ്യമാണെന്നും ആമുഖ പ്രസംഗത്തിൽ ചെയർമാൻ സൂചിപ്പിച്ചു.

നയരൂപീകരണത്തിന്റെ ഭാഗമായി ബഹു. മുഖ്യമന്ത്രിയുമായി കമ്മീഷനംഗങ്ങൾ കൂടിക്കാഴ്ച നടത്തി. സമൂഹത്തിലെ ദുർബല വിഭാഗങ്ങളെ മുഖ്യധാരയിലേയ്ക്ക് നയിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് പര്യാപ്തമാകുന്ന തരത്തിലും, കേരളത്തെ ഒരു ഉന്നത വിദ്യാഭ്യാസ ഹബ് ആയി രൂപപ്പെടുത്തുന്ന തരത്തിലുമുള്ള നയരൂപീകരണത്തിന് ഊന്നൽ കൊടുക്കണമെന്ന് ബഹു. മുഖ്യമന്ത്രി നിർദ്ദേശിച്ചു. കേരള സംസ്ഥാന ആസൂത്രണ ബോർഡ്, ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, അഡീഷണൽ ചീഫ് സെക്രട്ടറി, വിവിധ വകുപ്പ് മേധാവികൾ എന്നിവരുമായി കമ്മീഷൻ ചർച്ച നടത്തി.



നവകേരള നഗര നയരൂപീകരണത്തിന് അടിസ്ഥാനമായി ഒൻപത് പില്ലറുകൾ കമ്മീഷൻ നിശ്ചയിച്ചു. ഇവ അടിസ്ഥാനമാക്കി സമഗ്രമായ നവ കേരള നഗര നയം രൂപീകരിക്കുവാൻ തീരുമാനിച്ചു.

കമ്മീഷൻ ചെയർമാൻ ഡോ. എം. സതീഷ് കുമാർ, സീനിയർ അസോസിയേറ്റ് പ്രൊഫസർ, ക്വീൻസ് ഇന്ത്യാ അക്കാഡമി, യുണൈറ്റഡ് കിംഗ്ഡം, അഡ്വ. എം. അനിൽ കുമാർ, മേയർ, കൊച്ചി., ഡോ. ഇ. നാരായണൻ, കൺസൾട്ടന്റ്, വേൾഡ് ബാങ്ക്., ഡോ. ഷർമിള മേരി ജോസഫ് ഐ.എ.എസ്., പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശ സ്വയംഭരണ വകുപ്പ്., പ്രൊഫ. ഡോ. ജാനകി നായർ, എം. കൃഷ്ണദാസ്, ചെയർമാൻ, ചേംബർ ഓഫ് മുനിസിപ്പൽ ചെയർമാൻ, ശ്രീ. വി. സുരേഷ്, മുൻ ചീഫ് മാനേജിംഗ് ഡയറക്ടർ, ഹഡ്കോ, പ്രൊഫ. ഡോ. വൈ.വി.എൻ. കൃഷ്ണമൂർത്തി, പ്രൊഫ. ഡോ. കെ.എസ്. ജയിംസ്, പ്രൊഫ. ഡോ. കെ.ടി. രവീന്ദ്രൻ, പ്രൊഫ. ഡോ. അശോക് കുമാർ, ശ്രീ. ഹിതേഷ് വൈദ്യ, ശ്രീ. ടിക്കേന്ദർ സിംഗ് പൻവാർ എന്നിവരാണ് കമ്മീഷൻ അംഗങ്ങൾ.



ജാഫർ മാലിക് ഐ.എ.എസ്.,
കുടുംബശ്രീ,
എക്സിക്യൂട്ടീവ് ഡയറക്ടർ



ഡോ. ജോയി ഇളമൺ,
കില ഡയറക്ടർ ജനറൽ


The nine pillars for the 'Nava Kerala Urban Policy'
Urbanization, Spatial Planning and Place-based design strategies
Collective Local Self Governance
People, Culture & Heritage
Innovative & Sustainable Urban Financing
Habitat & Built Environment
Local Economic Development
Sustainable Infra-structure and Basic Services
Climate Resilient Places
Growth Drivers





തദ്ദേശ സ്വയംഭരണ വകുപ്പ്, അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീമതി. ശാരദാ മുരളീധരൻ ഐ.എ.എസ്. കേരള അർബൻ പോളിസി കമ്മീഷൻ അംഗങ്ങളോട് സംസാരിക്കുന്നു

സംസ്ഥാന ആസൂത്രണ ബോർഡ് ചെയർമാൻ, പ്രൊഫ. ഡോ. വി.കെ. രാമചന്ദ്രൻ കേരള അർബൻ പോളിസി കമ്മീഷൻ അംഗങ്ങളോട് സംസാരിക്കുന്നു







തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ഷർമിള മേരി ജോസഫ് ഐ.എ.എസ്.

തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ശ്രീ. മുഹമ്മദ് സഫറുള്ള ഐ.എ.എസ്.

# Stakeholder Consultations Workshop on Urban Aquifer Management and Water Governance of Kerala



***The prime importance towards conduction of a comprehensive stakeholder consultations workshop regarding urban aquifer management and water governance in Kerala is mainly because urbanization continues to expand at an unprecedented rate in Kerala state wherein it has become an imperative need, that we have to adopt sustainable practices in managing our vital water resources effectively and efficiently.***

The prime importance towards conduction of a comprehensive stakeholder consultations workshop regarding urban aquifer management and water governance in Kerala is mainly because urbanization continues to expand at an unprecedented rate in Kerala state wherein it has become an imperative need, that we have to adopt sustainable practices in managing our vital water resources effectively and efficiently. The workshop inaugurated by Sri. M.G. Rajamanickam IAS, Mission Director, AMRUT. There were two important Technical session held viz.. 1. Experience sharing on Urban Aquifer Management plan by Ms. Mini Chandran, Regional Director of Central Groundwater Board, Followed by another important technical session on Urban Water Security in Kerala by Mr.Mathew Mullical of World Bank. Followed by Panel discussion on aquifer Management and water Governance. Further, due emphasis towards **OECD principles of water governance** were taken in to consideration during the stake holder consultations and various thematic group discussions were carried out to evolve many theme specific strategies and recommendations from the wide range of stakeholders participated in the consultation comprising of government agencies from the relevant departments, Scientist from Central Ground water Board, State Groundwater Board, Research Institutions, private sector entities, non-governmental organizations, NGO's/ community representative and academic institutions etc were part of the consultation and decision-making processes.











**The broad out come of the consultations are as detailed below:**

- Identification of Key Issues and Challenges in understanding the specific problems related to urban aquifer depletion, contamination, Pollution and water quality issues followed by surface water and groundwater integrations, revival of traditional water bodies, development of artificial recharge plans etc
- Development of Collaborative Solutions from stakeholders' knowledge and expertise and promotion of practical and innovative solutions for sustainable aquifer management and allied water governance aspect.
- Adopting a Circular Economy Approach, particularly Water in Circular Economy and Resilience (WICER), as an imperative need towards addressing water sustainability challenges.
- Decision towards enhancing Water Governance by Improving policies, regulations, and institutional frameworks support system for effective water governance and ensuring equitable access to water resources were discussed and recorded.
- Details towards Public Awareness and Participation for raising consciousness and responsiveness about the importance of protecting urban aquifers and the role to be played by the community in water security is discussed.
- Most of the stakeholders participated have voiced their concerns, shared their experiences, and contributed to the development of actionable strategies.
- In addition, leveraging technology and data-driven approaches to monitor aquifer levels, assess water quality, and predict future trends were also advocated.
- Further Investing in research and development were also considered as essential parameter in understanding aquifer dynamics and development of innovative solutions for its sustainable management were also discussed.

**Way forward:**

Urban aquifer management and water governance in Kerala require a multifaceted approach that integrates sustainable practices, community involvement, and technological innovation. Strengthening the legal framework to protect groundwater resources, implementing strict regulations on water extraction, judicious water quality monitoring, surveillance and management, Encouraging rainwater harvesting and artificial recharge can mitigate over-extraction of groundwater resources, Adopting water circularity concepts by utilizing treated used water for non-potable usages, Adopting advanced monitoring systems and GIS-based mapping will enhance data collection and analysis for better decision-making. Engaging local communities through awareness programs and participatory water management practices can foster a sense of ownership and responsibility towards sustainable groundwater management ensuring water security.



# ജലാശയങ്ങൾ ആൽഗെ മുക്തമാക്കുന്നതിന് സഹായകമാകുന്ന ജലസസ്യങ്ങളും മത്സ്യങ്ങളും



**എം.കെ. വിജയകുമാർ**

അർബൻ ഇൻഫ്രാസ്ട്രക്ചർ കം
വാട്ടർ എക്സപർട്ട്

ജലാശയം പോഷകങ്ങളാൽ അമിതമായി സമ്പുഷ്ടമാകുമ്പോൾ യൂട്രോഫിക്കേഷൻ സംഭവിക്കുന്നു. രാസവളങ്ങളുടെ അമിത ഉപയോഗം, സംസ്കരിക്കാത്ത മലിനജലം, ഫോസ്ഫറസ് അടങ്ങിയ ഡിറ്റർജന്റുകളുടെ അമിത ഉപയോഗം ഫാക്ടറികളിൽ നിന്ന് പുറന്തള്ളുന്ന മാലിന്യം തുടങ്ങിയ വിവിധ ഘടകങ്ങൾ യൂട്രോഫിക്കേഷന് കാരണമാകുന്നു. ജലാശയത്തിലെ ആൽഗകളുടെയും പ്ലവകങ്ങളുടെയും അമിതമായ വളർച്ച യൂട്രോഫിക്കേഷന്റെ സൂചനകളാണ്. ഈ പ്രതിഭാസം മൂലം ജലാശയത്തിലെ ഓക്സിജന്റെ അളവ് കുറയുകയും പ്രാദേശിക ജൈവമണ്ഡലത്തെ പ്രതികൂലമായ ബാധിക്കുകയും ചെയ്യുന്നു.

ജലമാലിന്യം കുറയ്ക്കുന്നതിന് അനുയോജ്യമായ ചില സസ്യജാലങ്ങൾ ചുവടെ ചേർക്കുന്നു.

വാട്ടർ ഹയാസിന്ത് (ഐക്കോർണിയ ക്രാസിപ്സ്):

ദ്രുതഗതിയിലുള്ള വളർച്ചയ്ക്കും വെള്ളത്തിൽ നിന്ന് പോഷകങ്ങൾ ആഗിരണം ചെയ്യാനുള്ള കഴിവിനും പേരുകേട്ട ഒരു ഫ്ളോട്ടിംഗ് ജല സസ്യമാണ് വാട്ടർ ഹയാസിന്ത്. ജല ജീവികൾക്ക് ആവാസ വ്യവസ്ഥ നൽകുമ്പോൾ നൈട്രജനും ഫോസ്ഫേറ്റും ഫലപ്രദമായി നീക്കം ചെയ്യാൻ ഇതിന് കഴിയും.



വാട്ടർ ഹയാസിന്ത് (ഐക്കോർണിയ ക്രാസിപ്സ്)

വാട്ടർ ലെറ്റൂസ് (പിസ്റ്റിയ സ്ട്രാറ്റിയോറ്റ്സ്):

ജലാശയങ്ങളിലെ നൈട്രജന്റെയും ഫോസ്ഫേറ്റിന്റെയും അളവ് കുറയ്ക്കാൻ സഹായിക്കുന്ന മറ്റൊരു ഫ്ളോട്ടിംഗ് ജലസസ്യമാണ് വാട്ടർ ലെറ്റ്യൂസ്. ഇത് ജലോപരിതലത്തിൽ ഇടതൂർന്ന പായകൾ ഉണ്ടാക്കുന്നു. വെള്ളത്തിൽ തണലു ണ്ടാക്കുകയും ആൽഗകളുടെ വളർച്ചയെ തടയുകയും ചെയ്യുന്നു.

ഡക്ക്വീഡ് (ലെമ്ന എസ്പിപി):

നിശ്ചലമോ മന്ദഗതിയിലുള്ളതോ ആയ ജലാശയങ്ങളിൽ സമൃദ്ധമായി വളരുന്ന ഒരു ചെറിയ സസ്യം. നൈട്രജൻ, ഫോസ്ഫേറ്റ് എന്നിവയുൾപ്പടെ ജലനിരയിൽ നിന്ന് പോഷകങ്ങൾ ആഗിരണം ചെയ്യാൻ ഇതിന് കഴിയും. ഇത് പലപ്പോഴും മലിനജല സംസ്കരണ സംവിധാനങ്ങളിൽ ഉപയോഗിക്കുന്നു.

വാട്ടർ ലില്ലി (Nymphaea spp.)

ജലജീവികൾക്ക് തണലും ആവാസ വ്യവസ്ഥയും നൽകുന്ന വലിയ വൃത്താകൃതിയിലുള്ള ഇലകളുള്ള ഫ്ളോട്ടിംഗ് ജലസ സ്യമാണ് വാട്ടർ ലില്ലി. വേരുകളിലൂടെ നൈട്രജനും ഫോസ്ഫേറ്റും ആഗിരണം ചെയ്ത് ജലാശയങ്ങളിലെ പോഷകങ്ങളുടെ അളവ് കുറയ്ക്കാൻ ഇവ സഹായിക്കും.


വാട്ടർ ലെറ്റൂസ് (പിസ്റ്റിയ സ്ട്രാറ്റിയോറ്റ്സ്)


ഡക്ക്വീഡ് (ലെമ്ന എസ്പിപി):


വാട്ടർ ലില്ലി (Nymphaea spp.)


കാറ്റെയിലുകൾ (ടൈഫ എസ്പിപി)

കാറ്റെയിലുകൾ (ടൈഫ എസ്പിപി)

കേരളത്തിലെ ജലസ്രോതസ്സുകളുടെ തീരങ്ങളിൽ സാധാരണയായി ഇവ കാണപ്പെടുന്നു. അവയ്ക്ക് ഇടതൂർന്ന റൂട്ട് സംവിധാനങ്ങളുണ്ട്. അത് വെള്ളത്തിൽ നിന്ന് പോഷകങ്ങൾ ആഗിരണം ചെയ്യുന്നു.

മുള (ബാംബൂസ് എസ്പിപി)

ജല സ്രോതസ്സുകളിൽ നട്ടുപിടിപ്പിച്ച് തീരങ്ങളെ സ്ഥിരപ്പെടുത്താനും പൊഷകങ്ങളുടെ ഒഴുക്ക് കുറയ്ക്കാനും സഹായിക്കുന്ന ഒരു ബഹുമുഖ സസ്യമാണ് മുള. ഇതിന്റെ ഇടതൂർന്ന റൂട്ട് സിസ്റ്റം മണ്ണിൽ നിന്നും വെള്ളത്തിൽ നിന്നും നൈട്രജൻ, ഫോസ്ഫേറ്റ് എന്നിവയുൾപ്പടെയുള്ള പോഷകങ്ങൾ ആഗിരണം ചെയ്യാൻ സഹായിക്കുന്നു.

കണ്ടൽക്കാടുകൾ (അവിസെനിയ എസ്പിപി, റൈസോഫോറ എസ്പിപി മുതലായവ):

കേരളത്തിലെ തീരപ്രദേശങ്ങളിൽ വളരുന്ന ഉപ്പിനെ പ്രതിരോ ധിക്കുന്ന മരങ്ങളും കുറ്റിച്ചെടികളുമാണ് കണ്ടൽക്കാടുകൾ. പോഷക സൈക്ലിംഗിലും ജല ശുദ്ധീകരണത്തിലും അവ നിർണാ യക പങ്ക് വഹിക്കുന്നു. അഴിമുഖത്തും തീരദേശ ജലാ ശയങ്ങളിലും നൈട്രജൻ ഫോസ്ഫേറ്റ് എന്നിവയുടെ അളവ് കുറയ്ക്കാൻ സഹായിക്കുന്നു.



മുള (ബാംബൂസ് എസ്പിപി)



കണ്ടൽക്കാടുകൾ

പാപ്പിറസ് (സൈപ്പറസ് പാപ്പിറസ്)

പാപ്പിറസ് ജലാശയങ്ങളുടെ അരികുകളിൽ വളരുന്ന, ഉയരമുള്ള, ഞാങ്ങണ പോലുള്ള തണ്ടുകളുള്ള ഒരു ഉയർന്നു വളരുന്ന ജലസസ്യമാണ്. നൈട്രജനും ഫോസ്ഫേറ്റും വേരുകളിലൂടെ വലിച്ചെടുക്കുകയും ജലജീവികൾക്ക് ആവാസ വ്യവസ്ഥ നൽകുകയും ചെയ്തുകൊണ്ട് പോഷകങ്ങളുടെ അളവ് കുറയ്ക്കാൻ ഇത് സഹായകമാകും.

മേൽ സസ്യങ്ങളുടെ അതിവ്യാപനം തടയുന്നതിനും ജല ആവാസ വ്യവസ്ഥയിൽ അതിന്റെ പ്രതികൂല ഫലങ്ങൾ ലഘൂകരിക്കുന്നതിനും ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്തണം. ഫ്ളോട്ടിംഗ് വെറ്റ് ലാൻഡ് നിർമ്മാണം പരിഗണിക്കാവുന്നതാണ്. അവ മാലിന്യങ്ങൾ അരിച്ചെടുക്കുകയും അധിക പോഷകങ്ങൾ (നൈട്രജൻ, ഫോസ്ഫേറ്റ് തുടങ്ങിയവ) എടുക്കുകയും ചെയ്യുന്നു. ആൽഗയുടെ വ്യാപനം ഒരു പരിധിവരെ തടയുന്നതിന് സാധിക്കും.



പാപ്പിറസ് (സൈപ്പറസ് പാപ്പിറസ്)



ക്യാറ്റ് ഫിഷ്

കൂടാതെ കേരളത്തിലെ നിരവധി മത്സ്യ ഇനങ്ങൾക്ക് ആൽഗകൾ, കൊതുക്, ലാർവകൾ, മറ്റ് ജൈവ വസ്തുക്കൾ എന്നിവ കഴിയ്ക്കാനുള്ള കഴിവുണ്ട്. ജലസ്രോതസ്സുകൾ ശുദ്ധീകരിക്കാൻ താഴെപ്പറയുന്ന മത്സ്യങ്ങളെ ഉപയോഗപ്പെടുത്താവുന്നതാണ്.

തിലാപ്പിയ: ഇത് ആൽഗകളും ജൈവ വസ്തുക്കളും കഴിയ്ക്കുന്നു.

ക്യാറ്റ് ഫിഷ്: ജലാശയങ്ങളുടെ അടിയിൽ നിന്ന് ജൈവ അവശിഷ്ടങ്ങൾ വൃത്തിയാക്കുന്നതിന് സഹായിക്കും.

സാധാരണ കരിമീൻ: കരിമീൻ സർവ്വ ഭോജിയാണ്. ഇവയ്ക്ക് ആൽഗഗൾ ജൈവ വസ്തുക്കൾ തുടങ്ങിയവ കഴിയ്ക്കുന്നതിന് കഴിവുണ്ട്.

ഗപ്പി: ഗപ്പികൾ കൊതുക് ലാർവകളെ ഭക്ഷിക്കുന്നു.

ഗ്രാസ് കാർപ്പ്: ഇവ ജല സസ്യങ്ങളെ ഭക്ഷിക്കുന്നു. മിതമായ സസ്യവളർച്ച നിയന്ത്രിക്കുവാൻ വലിയ ജലാശയങ്ങളിൽ ഇവ അനുയോജ്യമാണ്.



തിലാപ്പിയ



സാധാരണ കരിമീൻ



ഗപ്പി



ഗ്രാസ് കാർപ്പ്

ഒരു ജലാശയത്തിലേയ്ക്ക് ഏതെങ്കിലും മത്സ്യ ഇനങ്ങളെ തിരഞ്ഞെടുക്കുന്നതിന് മുൻപ് ജലാശയത്തിന്റെ വലിപ്പം, ആഴം, നിലവിലുള്ള ആവാസ വ്യവസ്ഥ, തദ്ദേശീയ ജീവിവർഗ്ഗങ്ങളിൽ ഉണ്ടാകാനിടയുള്ള ആഘാതം തുടങ്ങിയ ഘടകങ്ങൾ പരിഗ ണിക്കണം. കൂടാതെ പ്രാദേശിക ഫിഷറീസ് അധികാരി കളുമായി കൂടിയാലോചന നടത്തണം. ഏതെങ്കിലും സസ്യജാലങ്ങൾ പരിഗണിക്കുന്നതിന് മുൻപ് ബന്ധപ്പെട്ട കൃഷി ഓഫീസർമാരുമായി കൂടിയാലോചിച്ച് അനുയോജ്യത ഉറപ്പ് വരുത്തണം. അതോടൊപ്പം മേൽ സസ്യങ്ങളുടെ അതിവ്യാപനം തടയുന്നതിനും ജല ആവാസ വ്യവസ്ഥയിൽ അതിന്റെ പ്രതികൂല ഫലങ്ങൾ ലഘൂകരിക്കുന്നതിനും ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്തണം. ഫ്ളോട്ടിംഗ് വെറ്റ് ലാൻഡ് നിർമ്മാണം പരിഗ ണിക്കാവുന്നതാണ്. അവ മാലിന്യങ്ങൾ അരിച്ചെടുക്കുകയും അധിക പോഷകങ്ങൾ (നൈട്രജൻ, ഫോസ്ഫേറ്റ് തുടങ്ങിയവ) എടുക്കുകയും ചെയ്യുന്നു. ആൽഗയുടെ വ്യാപനം ഒരു പരിധിവരെ തടയുന്നതിന് സാ ധിക്കും. അമൃതിൽ ഉൾപ്പെടുത്തി പുന രുജ്ജീവനം നടത്തിയ എല്ലാ ജലാശയങ്ങളും മാലിന്യമുക്തമാക്കുന്നതിന് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിഷ്ക്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കു ന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിര പ്രാധാന്യം നൽകണം.

## അമൃത് 2.0 പദ്ധതി പുരോഗതി (31.05.2024 പ്രകാരം)

| ജില്ല | ആകെ പദ്ധതികൾ | ഭരണാനുമതി തുക | ഉപ പദ്ധതികൾ | സാങ്കേതികാനുമതി ലഭിച്ച പദ്ധതികൾ | സാങ്കേതികാനുമതി തുക | ടെൻഡർ ലഭിച്ച പദ്ധതികൾ | ടെൻഡർ തുക | അവാർഡ് ചെയ്ത പദ്ധതികൾ | പൂർത്തീകരിച്ച പദ്ധതികൾ | ചെലവഴിച്ച തുക |
|---|---|---|---|---|---|---|---|---|---|---|
| ആലപ്പുഴ | 29 | 66.75 | 30 | 26 | 67.09 | 25 | 53.70 | 21 | 0 | 9.31 |
| എറണാകുളം | 60 | 391.19 | 75 | 70 | 369.40 | 62 | 288.60 | 40 | 1 | 17.79 |
| ഇടുക്കി | 5 | 2535 | 9 | 9 | 24.18 | 9 | 23.59 | 6 | 0 | 5.06 |
| കണ്ണൂർ | 38 | 150.33 | 36 | 30 | 133.07 | 24 | 122.42 | 21 | 0 | 27.15 |
| കാസറഗോഡ് | 17 | 13.11 | 8 | 6 | 12.89 | 6 | 9.97 | 6 | 3 | 3.70 |
| കൊല്ലം | 49 | 274.37 | 53 | 46 | 236.99 | 46 | 184.18 | 39 | 3 | 9.09 |
| കോട്ടയം | 23 | 80.83 | 24 | 21 | 75.04 | 20 | 71.37 | 17 | 0 | 21.30 |
| കോഴിക്കോട് | 34 | 388.05 | 41 | 34 | 107.16 | 34 | 73.10 | 32 | 0 | 4.13 |
| മലപ്പുറം | 45 | 120.14 | 40 | 35 | 95.50 | 34 | 74.45 | 29 | 0 | 8.88 |
| പാലക്കാട് | 27 | 61.11 | 31 | 25 | 50.02 | 24 | 49.63 | 12 | 1 | 10.93 |
| പത്തനംതിട്ട | 38 | 57.10 | 39 | 37 | 50.81 | 35 | 49.71 | 28 | 2 | 12.71 |
| തിരുവനന്തപുരം | 39 | 316.90 | 92 | 92 | 258.55 | 89 | 192.37 | 85 | 2 | 36.07 |
| തൃശ്ശൂർ | 46 | 232.58 | 75 | 49 | 149.25 | 47 | 124.06 | 37 | 0 | 7.38 |
| വയനാട് | 6 | 35.29 | 6 | 5 | 34.12 | 5 | 28.02 | 5 | 0 | 15.23 |
| ആകെ | 456 | 2213.10 | 559 | 485 | 1664.06 | 460 | 1345.25 | 378 | 12 | 188.72 |



# Reuse of Treated Wastewater



**M.Luqman,**
**Deputy Mission Director**
**AMRUT**



**Ashima Sebastian**
**Urban Infrastructure cum Water Expert, AMRUT**

**I. Introduction**

As the nation progresses at a fast pace to achieve its development objectives, water is the first and foremost requirement among all the natural resources. Water has its footprint associated with all products right from the inception, throughout the life cycle, and even after its useful life. The National Commission for Integrated Water Resources Development (NCIWRD) estimated India's water demand at a range of 973 to 1180 billion cubic meters (BCM) for the year 2050, while the utilizable fresh water remains pegged at around 1140 BCM. The commission, while submitting the report in 1999, has highlighted the importance of reducing water requirements to low demand.

In India three major areas of fresh water use, in the order of volume of usage, are agriculture, domestic, and industry. The undesirable commonality among all types of use is the fact that water once used becomes "waste" and is being "thrown/flowed /flushed out" of the system. The agriculture sector bears the blame for diverting the single largest share of close to 90% of freshwater supplied at a significantly low efficiency less than 40%. However, besides the runoff from the fertilizer/pesticide mixed farms, a significant share of the water supplied for irrigating the farmland is still fit and available for use, either as surface water in nearby water courses or in sub-surface water storages, or as groundwater.

Chronic water scarcity affects 80 countries and 40% of the world's population. Recycling and reusing sewage in agriculture is a crucial aspect of water governance as demand for water increases over time.

*"Many of the wars this century were about oil but those wars of the next century will be over water."Ismail Serageldin Former President World Bank*

According to the 'Handbook on Service Level Benchmarking' by MoHUA, the term reuse and recycling of sewage refers to the percentage of sewage that is recycled or reused after the appropriate treatment process, for instance, in gardens, parks, irrigation, and other similar activities. The minimum percentage of sewage that should be recycled or reused is 20%.



## Various Applications of Treated Sewage in India

In India treated sewage is being used for a variety of applications such as (a) Farm Forestry, (b) Horticulture, (c) Toilet flushing (d) Industrial use as in non-human contact cooling towers, (e) Fish Culture, (f) Ground Water Recharge and (g) Indirect and incidental uses. They are briefly mentioned hereunder.

**Farm Forestry**: Treated sewage is used for watering urban forests, public gardens, trees, shrubs, and grassed areas along roadways in certain places around the world. For instance, it is used for timber plantation in Widebay Water Corporation in Queensland, Australia, and alfalfa plantation in Albrich Palestine. Other places where treated sewage is utilized for irrigation include Egypt, Abu Dhabi, and Woodburn in Oregon, USA.

**Horticulture**: Certain places in Elpaso in Texas, Durbin Creek in Western California in USA.

**Toilet** Flushing: Certain locations in Chiba Prefecture, Kobe City, Fukuoka City, and Tokyo Metropolitan in Japan.

**Industrial Commercial**: Essentially used for cooling in Sakaihama Treated Wastewater Supply Project, Japan, Bethlehem Steel Mills, USA. Sewage reclaimed as high-quality water is supplied to Mondi Paper Mill and SAPREF Refinery in Durban, South Africa Landscape, and golf course irrigation in Hawai.

**Fish Culture:** It is used in fish hatcheries/fish ponds in Vietnam and in Bangladesh.

**Groundwater Recharge:** Oriando and Orange County Florida, Orange County California, Phoenix (Arizona), Santa Rosa (California) Recharge Project all in USA.

**Indirect Recharge of impoundments:** Restoration of Megauro River in Japan, NE Water project in Singapore, Windhoek in Namibia, Berlin in Germany.

**Other uses:** Coach cleaning, subway washing, and water for building construction is being practiced in Jungnang Nanji, Tancheon, Seonam is Seoul and treated sewage sprinkled on water retentive payment that can store water inside paving material at Shiodome Land Readjustment District (Shiosite) in Tokyo and this reduces the surface temperature

## II. Challenges in Managing Wastewater

Managing wastewater is quite challenging in India on account of a variety of reasons including mixing up of all kinds of used water, lack of sewage networks, issues related to improper/lack of maintenance, giving less importance than it deserves, and misconception that abundance on freshwater availability and many more. However, the two most important challenges are the significant gap in existing treatment capacity and the less penetration of advanced treatment technology.

## III. Gap in Treatment Capacity

Owing to the gap in treatment capacity, only one-third of this sewage load, i.e. 26900 MLD, is being treated, which works out to be 9.81 BCM annually. This scenario - 5 - is going to aggravate as the water demand grows. Moreover, the treatment capacity is not growing at the same pace as that of urbanization, and there is a significant gap between installed capacity and actual utilization. According to the United Nations report, on average, high-income countries treat about 70% of the municipal and industrial wastewater they generate. That ratio drops to 38% in upper-middle -income countries and to 28% in lower-middle-income countries. In low-income countries, only 8% undergo treatment of any kind. (UN WWD, 2017).

The gap existing in the treatment capacity is the biggest challenge in effectively managing wastewater.



The untreated water finds its way to freshwater sources or aquifers thus adding stress to freshwater availability. It is also pertinent that even the installed capacity is not fully utilized. Out of the operational capacity of 26869 MLD actual utilization is 20235 MLD, and only the capacity of 12200 MLD is complying with the consented norms prescribed by the SPCBs (CPCB, 2021). In addition to this, lack of sewer network, issues in connectivity, problems associated with handling peak loads, and improper maintenance affect the efficacy of sewage collection.

### IV. Treatment Technology

The next important parameter is the treatment technology used in STPs.Moving Bed Biofilm Reactors (MBBR), Sequential Batch Reactors (SBR), and Activated Sludge Process (ASP) are prevalent and adopted technologies all across the country. Various treatment technologies used in India are tabulated in Table 1.

### V. Reuse Of Treated Wastewater in Urban Area

Urban and peri-urban agriculture as practices that yield food and other outputs through agricultural production and related processes (transformation, distribution, marketing, recycling, etc), taking place on land and other spaces within cities and surrounding regions. It involves urban and peri-V. rban actors, communities, methods, places, policies, institutions, systems, ecologies, and economies, largely using and regenerating local resources to meet the changing needs of local populations while serving multiple goals and functions.

The use of TWW for irrigation in farm fields in the proximity of treatment plants, which were otherwise being irrigated from a much farther water source, can reduce distribution losses. Further, the TWW could be clubbed with microirrigation methods for horticulture crops. Thus, the actual savings on fresh water will be much more than the quantity of TUW used for irrigation.

| Technology | Technology type | Number | Capacity (In MLD) |
|---|---|---|---|
| Activated Sludge Process (ASP) | Conventional | 321 | 9,486 |
| Sequencing Batch Reactor (SBR) | Conventional | 490 | 10,638 |
| Extended Aeration (EA) | Advanced | 30 | 474 |
| Fluidized Aerobic Bed Reactor (FAB) | Advanced | 21 | 242 |
| Moving Bed Biofilm Reactor (MBBR) | Advanced | 201 | 2,032 |
| Upflow Anaerobic Sludge Blanket (UASB) | Advanced | 76 | 3,562 |
| Oxidation Pond (OP) | Natural | 61 | 460 |
| Waste Stabilization Pond (WSP) | Natural | 67 | 789 |
| Others( Aerated Lagoon (AL), Trickling Filter (TF), Bio-Tower, Electro Coagulation (EC) etc.) | | 364 | 8,497 |
| Data Source: National Inventory of Sewage Treatment Plants, CPCB | | | |

*Table 1: Techonologies used in the sewage treatments plants (STPs)*

| Area per MLD | Source | Remarks/Assumptions | |
|---|---|---|---|
| 6 ha | Adapted from Winrock International India; Institute for Studies and Transformations; Jadavpur University. Department of Economics; Eco Friends; Spatial Decisions; Youth for Unity and Voluntary Action (YUVA), 2006 | Direct irrigation | |
| 39 ha | | Indirect irrigation after mixing with freshwater sources | |
| 45 ha | FAO | 8000 cum per ha | |
| 6.4 to 19.2 ha | Authors' estimate | 80 to 200 ha/MCM | 40% efficiency 240 days irrigation |
| 90 to 40 ha | | Micro irrigation 4000 to 9000 cum per ha (depending on crops) | |

*Table 2 : Estimates on area that could be irrigated per unit of treated wastewater*

**VI. Overview of Current Practices in the World**

Agriculture: The reuse of waste water is used in different part of the world for irrigation in certain places in Africa, Israel, Mexco,Kuwait,Japan,Singapore,Korea and USA.

**Japan:** Reclaimed waste water is used for non-potable urban applications such as toilet flushing, landscape, irrigation, cleaning roads and ground cooling.

**Singapore :** Recharge of freshwater catchments reservoirs.

**Korea :** Road washing ,subway and coach cleaning in Korea.

**USA :**Aquifer recharge through percolation ponds in orange country California.

**India**

a. The Chennai Metropolitan Water Supply and Sewerage Board (CMWSSB) has been promoting farm forestry in Chennai since the 1980s. This initiative helps to create a microclimate within the city environment.

b. The Indian Agricultural Research Institute in Karnal has researched sewage farming and has recommended an irrigation method for tree plantations fed with sewage.

c. The University of Agricultural Sciences in Dharwad, Karnataka has discovered that sewage can be used to produce vermicompost for tree plantations, provided that the composition of toxic substances is known. Chandigarh is utilizing treated sewage to fulfill the horticulture requirements of its green areas.

d. Delhi has implemented a system to reuse treated sewage for specific institutions as part of a planned initiative.

e. The Government of Karnataka has issued a directive to ensure that only tertiary treated sewage is used for non-potable purposes such as gardening, parks, resorts and golf courses.

f. The Bangalore Water Supply and Sewerage Board will make all necessary arrangements, including the construction of filling points and installation of vending machines at STP, to supply tertiary treated sewage in multiples of thousand liters.

g. In major metropolitan cities such as Delhi, Mumbai, Bangalore, and Chennai, treated grey water is being used for toilet flushing in some of the major condominiums and high-rise apartment complexes on a pilot scale. It is important to note that ultrafiltration membranes should be used in the treatment process to prevent the risk of waterborne diseases.

h. Secondly treated sewage is purchased and treated for use in cooling water makeup in the industrial sector from as early as 1991 in major industries like Refineries, Madras Fertilizers, GMR Vasavi Power Plant in Chennai as also Rashtriya Chemicals and Fertilizers in Maharashtra and most recently in the Indira Gandhi International Airport in Delhi and Mumbai International Airport.

i. In Kolkata, the Mudiali fish farm occupying an area of 400 hectares is used for growing fish, which is then sold for human consumption.

j. The UNDP conducted a detailed study in the 1970s and identified a sand basin on the coast of Bay of Bengal, where secondary treated sewage of the Chennai City can be be infiltrated through percolation ponds and extracted for specific industrial use in the nearby petro-chemical complex. However, this project has not been implemented.

k. The Bengaluru city is facing a fresh water crisis and it has been considered to study a pilot model of the Singapore NEWater for indirect augmentation of water by advanced treatment of secondary facilities. At present, this proposal is a statement capability to formulate a technically viable project and of course the biggest challenge of going through and obtaining public acceptance is understandably a long drawn out process.



Recharge of freshwater



Farm Forestry



Mudiali fish farm



### VII. Reuse Plants In India :- A Few Case studies

#### A. Raw Sewage Treatment and Reuse as Cooling Water at M/s GMR Vasavi Power Plant, Chennai, India

The power plant, commissioned in 1999, is the first of its kind in Asia. It treats the raw sewage of Chennai city, recovering water suitable for makeup in the cooling system and further treating it to recover water of boiler grade.

It is important to have an equalization basin at the beginning of the sewage treatment process. This is because the flow of sewage is not consistent throughout the day, and while the biological treatment plant can handle fluctuations, the chemical system needs a consistent flow rate for effective dosing. This means that flow equalization is necessary at some point, and it has been decided to place it before the biological treatment stage. By doing so, the dosage of sodium bicarbonate can be easily controlled to ensure adequate alkalinity for biological nitrification in the aeration tank, which will prevent high levels of sodium in the resulting sewage.

#### B. Banglore City

The city of Bengaluru is facing a severe freshwater crisis, with its current allocation from the Cauvery river expected to be depleted soon. The demand for freshwater in the city may soon surpass the available supply.

To address this issue, a proposal has been put forward to add biological nitrification denitrification and tertiary treatment to the chemical precipitation of phosphorous. This treated water will then be cascaded over a 20 km stretch with a 65 m fall in a river course.

The runoff will be intercepted and subjected to conventional water treatment with clariflocculators and rapid sand filters, before being pumped back through the 65 m rise using a pipeline with chlorination. The water will then be put through dual media and activated carbon filtration, followed by UF and RO membranes.

The goal is to remove endocrine disruptor chemicals (EDCs) using activated carbon and enteroviruses using ultrafiltration membranes. The RO process will bring the TDS levels back to that of freshwater and ensure any remaining viruses are removed. The RO rejects will then be put through accelerated evaporation spray ponds.





Google Earth image view for the proposed route

**C. Proposal for Reuse of tertiary treated sewage from Thiruvananthapuram STP**

